പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.616 28.02.2017 ൽ മറുപടിയ്ക്ക്

## കോട്ടുക്കൽ സ്പോർട്സ് വകുപ്പിന്റെ ഭൂമിയിൽ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീ.മുല്ലക്കര രത്നാകരൻ ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ് മന്ത്രി

| | |
|---|---|
| ചടയമംഗലം കോട്ടുക്കൽ സ്പോർട്സ് വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ കായിക വകുപ്പ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ; ഈ സാമ്പത്തിക വർഷം തന്നെ ഇതിനു വേണ്ടിയുള്ള ഭരണ നടപടികൾ സ്വീകരിക്കുമോ? | കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)-യുടെ കീഴിൽ ഒരു വനിതാ സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലാ കൃഷി ഫാമിന്റെ കോട്ടുക്കൽ കൃഷി ഫാമിൽ നിന്നും 10 ഏക്കർ ഭൂമി 2009-ൽ ഇട്ടിവാ ഗ്രാമപഞ്ചായത്ത് കായികയുജവനകാര്യ ഡയറക്ടർക്ക് 30 വർഷത്തെ പാട്ടത്തിന് 20.12.2008-ലെ - സ.ഉ.(കൈ)നം.438/08/റവ പ്രകാരം അനുവദിച്ചു നൽകിയിരുന്നു. എന്നാൽ വനിതകൾക്കു മാത്രമായി സ്പോർട്സ് അക്കാഡമി തുടങ്ങുന്നത് പ്രായോഗികമല്ല എന്ന് 'സായി' സർക്കാരിനെ അറിയിച്ചതിനെ തുടർന്ന് ടി സ്ഥലത്ത് സായിയുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്ത് കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിനെ 29.8.2014 ലെ 804/എ 2/10/കാ.യു.വ കത്ത് പ്രകാരം ഈ വകുപ്പിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും 27.10.2015 ലെ സായിയുടെ SAI/KER/STC women/CHDLM/68/2012-13/2143 -ാം നമ്പർ കത്ത് മുഖേന അടിസ്ഥാന സൗകര്യമുള്ള സ്ഥലത്തു മാത്രമേ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ കഴിയൂ എന്ന് കായിക വകുപ്പ ഡയറക്ടറെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സായി-യുടെ ആഭിമുഖ്യത്തിൽ ചടയമംഗലം മണ്ഡലത്തിലെ ഇട്ടിവാ ഗ്രാമപഞ്ചായത്തിലെ കോട്ടുക്കലിൽ പൊതു സ്പോർട്സ് പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം നിലവിൽ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ